ഏകീകൃത തിരിച്ചറിയൽ കാർഡ്

192 (4775) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് എന്നറിയിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്തെ 1,20,000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗക്കാർക്ക് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റിന് പകരം തിരിച്ചറിയൽ കാർഡായി ഉപയോഗിക്കാം. കൂടാതെ സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സാ ആനുകൂല്യം ലഭിക്കാൻ ജാതി സർട്ടിഫിക്കറ്റിന് പകരം കാർഡിന്റെ പകർപ്പ് നൽകിയാൽ മതിയാകും.

(സി) സംസ്ഥാനത്തെ 1,20,000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ കേരള സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയോടനുബന്ധിച്ച് തീരുമാനം എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് കെൽട്രോണുമായി കരാറിൽ ഏർപ്പെടുകയും ഇതിനകം 52,477 കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് കെൽട്രോൺ മുഖേന നിർമ്മിച്ച് വിതരണം നടത്തിയിട്ടുണ്ട്. ബാക്കി 67,523 കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly